23/11/21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic@kerala.nic.in

ഹർജി നമ്പർ **CP.675*(2)/2019*/എസ്.ഐ.സി**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നം.*9614* എസ്.ഐ.സി-ജി 6/19

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീമതി പുഷ്പവല്ലി കെ.,
ലക്ഷ്മി നിവാസ്,
ആറാംമൈൽ, മയ്യിൽ പി.ഒ.,
കണ്ണൂർ ജില്ല,
പിൻ – 670 602. } പരാതി ഹർജിക്കാരി

Vs

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
ജൂനിയർ സൂപ്രണ്ട്(ജി) സെക്ഷൻ,
ജില്ലാ കളക്ടറുടെ കാര്യാലയം,
കണ്ണൂർ. } എതിർകക്ഷി

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 18.03.2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 14.04.2019 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | – |
| അപ്പീലിന് മറുപടി നൽകിയ തീയതി | – |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 29.05.2019 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 04.06. 2019 |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരിയായ ശ്രീമതി പുഷ്പവല്ലി കെ., 29.05.2019ന് സമർപ്പിച്ച പരാതി ഹർജി 04.06.2019ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **CP.No.675(2)/19/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2) പരാതി ഹർജിക്കാരി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, പകർപ്പുകൾക്കാവശ്യമായ തുക ഒടുക്കിയിട്ടും ടിയാൾക്ക് പകർപ്പുകൾ ലഭ്യമായില്ലെന്നാണ്.

3) പരാതി ഹർജിക്കാരി 18.03.2019ന് എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, ബഹു.ജില്ലാ കളക്ടറുടെ 19.02.2019-ാം തീയതിയിലെ DCKNR/12523/2018-G4 നമ്പർ മറുപടിയുമായി ബന്ധപ്പെട്ട് മയ്യിൽ സിൻഡിക്കേറ്റ് ബാങ്ക് ബ്രാഞ്ച് മാനേജർ മയ്യിൽ വില്ലേജ് ഓഫീസർ, റവന്യൂ റിക്കവറി ഡെപ്യൂട്ടി തഹസിൽദാർ എന്നിവർ കളക്ടർക്ക് നൽകിയതായ മൂന്ന് എഴുത്തിന്റെയും പകർപ്പ് അനുവദിച്ചു നൽകണമെന്നാണ്.

ആയതിന് 14.04.2019ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരി ആവശ്യപ്പെട്ട രേഖകളിൽ മയ്യിൽ വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് ടി ഫയലിൽ ലഭ്യമല്ലെന്നും DCKNR/12523/2018-G4 നമ്പർ ഫയലിലുൾപ്പെട്ട ബ്രാഞ്ച് മാനേജർ മയ്യിൽ സിൻഡിക്കേറ്റ് ബാങ്ക്, തഹസിൽദാർ, തളിപ്പറമ്പ് താലൂക്ക് എന്നിവരുടെ റിപ്പോർട്ടിന്റെ പകർപ്പ് എന്നിവ ആവശ്യമുണ്ടെങ്കിൽ 0070-60-118-99 എന്ന ശീർഷകത്തിൽ 8/- രൂപ ട്രഷറിയിൽ ഒടുക്കിയതിന്റെ അസ്സൽ രസീത് ഹാജരാക്കണമെന്നാണ്.

4) എതിർകക്ഷി 26.09.2019ന് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരിയ്ക്കെതിരെയുള്ള റവന്യൂ റിക്കവറി നടപടിയുമായി ബന്ധപ്പെട്ട ജി4-12523/2018/ഡിസികെഎൻആർ നമ്പർ ഫയലിലെ മയ്യിൽ സിൻഡിക്കേറ്റ് ബാങ്ക് മാനേജർ, മയ്യിൽ വില്ലേജ് ഓഫീസർ, തളിപ്പറമ്പ് റവന്യൂ റിക്കവറി ഡെപ്യൂട്ടി തഹസിൽദാർ എന്നിവരുടെ റിപ്പോർട്ടിന്റെ പകർപ്പാണ് ടിയാൾ 18.03.2019ന് ആവശ്യപ്പെട്ടിരുന്നതെന്നും എന്നാൽ മയ്യിൽ വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് ഫയലിൽ ലഭ്യമല്ലാത്തതിനാൽ സിൻഡിക്കേറ്റ് ബാങ്ക് മാനേജരുടെയും തളിപ്പറമ്പ് തഹസിൽദാരുടെയും റിപ്പോർട്ടിന്റെ പകർപ്പ് അനുവദിക്കാമെന്നും 8/- രൂപ ട്രഷറിയിൽ ഒടുക്കി രസീത് ഹാജരാക്കാനും ആവശ്യപ്പെട്ടുകൊണ്ട് 14.04.2019ന് ഹർജിക്കാരിയ്ക്ക് മറുപടി നൽകിയിട്ടുണ്ടെന്നാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരി 06.05.2019ന് 8/- രൂപ ഒടുക്കി ചലാൻ രസീത് ഹാജരാക്കുകയും പകർപ്പ് അന്നുതന്നെ നേരിട്ട് കൈപ്പറ്റുകയും ചെയ്തിരുന്നുവെന്നും എന്നാൽ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയായതിനാൽ പുതുതായി ആരംഭിച്ച ജി4-3445/2019/ഡിസികെഎൻആർ ഫയൽ നമ്പറിൽ ഹർജിക്കാരി സംശയം പ്രകടിപ്പിക്കുകയും ആവശ്യപ്പെട്ട പകർപ്പല്ല അനുവദിച്ചതെന്നു ശഠിക്കുകയും പകർപ്പ് കൈപ്പറ്റിയതിന് ഓഫീസ് കോപ്പിയിൽ ഒപ്പ് സമർപ്പിക്കാതെ ഹർജിക്കാരി പോകുകയാണ് ചെയ്തതെന്നുമാണ്.

കൂടാതെ ലോകസഭാ തെരഞ്ഞെടുപ്പ് 2019ന്റെ ഭാഗമായി അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസറുടെ ഇലക്ഷൻ ക്ലാർക്കായി അടിയന്തിര പ്രാധാന്യത്തിൽ തെരഞ്ഞെടുപ്പ്

പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുമ്പോഴും വിവരാവകാശ നിയമത്തിൽ നിഷ്ക്കർഷിച്ച പ്രകാരം കൃത്യമായ മറുപടിയും പകർപ്പും നൽകിയിട്ടുണ്ടെന്നുമാണ് അറിയിച്ചത്.

5) 27.10.2021 തീയതി കമ്മീഷൻ കണ്ണൂർ ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ വച്ചു നടത്തിയ ഹിയറിംഗിൽ പരാതി ഹർജിക്കാരിയും എതിർകക്ഷിയും ഹാജരായിരുന്നു.

6) പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും, ഹർജിക്കാരിയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്ന് എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരി ആവശ്യപ്പെട്ട പകർപ്പുകൾ ലഭ്യമായിട്ടില്ലെന്ന പരാതിയാണ് കമ്മീഷൻ മുമ്പാകെ ഉന്നയിച്ചിരിക്കുന്നത്. മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ കമ്മീഷൻ താഴെ പറയുന്ന നിഗമനത്തിൽ എത്തുന്നു.

കണ്ണൂർ കളക്ടറേറ്റിലെ എസ്.പി.ഐ.ഒ. ഹർജിക്കാരിയ്ക്ക് മയ്യിൽ വില്ലേജ് ഓഫീസറുടെ റിപ്പോർട്ടു നൽകുന്നതിനായി നിർദ്ദേശം നൽകണമെന്നും ടി വിവരം രേഖപ്പെടുത്തിയ റിപ്പോർട്ട് കളക്ടറേറ്റിൽ നിന്നും കമ്മീഷനിൽ സമർപ്പിക്കണമെന്നും നിർദ്ദേശം നൽകുന്നു.

7) മേൽ നിർദ്ദേശപ്രകാരം ഈ പരാതി ഹർജി ഇന്നേദിവസം 2021 നവംബർ 11-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)